LIBRARY ARCHIVES Kerala Legislative Assembly

3. മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാല് മെഡിക്കൽ കോളേജുകൾ വർഷങ്ങൾക്കുശേഷം കേരളത്തിൽ സ്ഥാപിക്കുമെന്ന് പറഞ്ഞപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് കാസർഗോഡ് ജില്ലയിലെ ആളുകളാണ്. എൻഡോസൾഫാൻ ദുരിതം പേറുന്ന മേഖലയെന്ന നിലയിൽ കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് വന്നാൽ ഏറ്റവുമധികം ഗുണം ലഭിക്കുമെന്ന് കാസർഗോഡ് ജില്ലയിലെ ആളുകൾ വിശ്വസിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യമെടുത്തതിന്റെ ഫലമായിട്ടാണ് കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് അനുവദിച്ചതെന്നും അവിടത്തെ ജനങ്ങൾക്ക് നന്നായറിയാം. 2013 നവംബർ മാസം 30-ാം തീയതിയാണ് മെഡിക്കൽ കോളേജിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ടത്. രാവിലെ 9 മണിക്ക് നടന്ന തറക്കല്ലിടൽ ചടങ്ങിന് കാസർഗോഡ് ജില്ലയിലെ എല്ലാ ഭാഗത്തുനിന്നും അഭൂതപൂർവ്വമായ ജനക്കൂട്ടമാണ് വന്നതെന്ന് അദ്ദേഹത്തിനറിയാം. കാസർഗോഡ് ജില്ലയിലെ ആളുകൾ ഈ പദ്ധതി എത്രമാത്രം ആവേശത്തോടെയാണ് നെഞ്ചിലേറ്റിയതെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. സാധാരണഗതിയിൽ പണമില്ലാത്തതുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ മുടങ്ങാറുണ്ട്. ഇവിടെ പണമില്ലാത്തതുകൊണ്ടല്ല മെഡിക്കൽ കോളേജിന്റെ നിർമ്മാണം തുടങ്ങാത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യം പ്രകടിപ്പിച്ച ഒരു കാര്യംപോലും നമുക്ക് പ്രാവർത്തികമാക്കാൻ സാധിക്കാത്തത് നമ്മുടെ ഉദ്യോഗസ്ഥരുടെ ദുഷ്പ്രഭുത്വവും അനാസ്ഥയുമാണെന്ന കാര്യത്തിൽ സംശയമില്ല മെഡിക്കൽ കോളേജിന് 288 കോടി രൂപയുടെ അടങ്കൽ പദ്ധതിയാണ് പ്രഖ്യാപിച്ചത്. 89 കോടി രൂപ നബാർഡിനോട് ആവശ്യപ്പെട്ടെങ്കിലും അനുവദിച്ച 58.15 കോടി രൂപയും കാസർഗോഡ് പാക്കേജിൽനിന്ന് അനുവദിച്ച 25 കോടി രൂപയും ബഡ്ജറ്റ് വിഹിതമായ 11 കോടി രൂപയുൾപ്പെടെ 94 കോടി രൂപയുണ്ടെങ്കിലും പണി തുടങ്ങാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് ആലോചിക്കണം. സേവനാവകാശ നിയമം നടപ്പിലാക്കിയ സംസ്ഥാനത്തുപോലും ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണം തറക്കല്ലിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാൻ സാധിക്കുന്നില്ലെന്നുള്ളത് ഏറ്റവും പരിതാപകരമായ അവസ്ഥയാണ്. ഹൈദരാബാദിലെ കമ്പനി കരാർ ഏറ്റെടുക്കുകയും 15 ശതമാനം തുക എക്സസ് പോയതുമാണ് വർക്ക് തുടങ്ങാൻ തടസ്സമായി നിൽക്കുന്നത്. ആദ്യം ഇതുസംബന്ധിച്ച ഫയൽ ആരോഗ്യ വകുപ്പിലായിരുന്നു. അവിടെനിന്നും ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യമായി ഇടപെട്ടാൽ മാത്രമേ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സജീവമായി ഈ വിഷയത്തിൽ ഇടപെടണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ ജില്ലയിലും ഗവൺമെന്റ് മെഡിക്കൽ കോളേജുണ്ടാകണമെന്ന ആഗ്രഹത്തിൽ എല്ലാ ജില്ലയിലും പ്രഖ്യാപിച്ച കൂട്ടത്തിലാണ് കാസർഗോഡ് ജില്ലയിലും മെഡിക്കൽ കോളേജ് അനുവദിച്ചത്. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഇതിനകം 17 കോടി 7 ലക്ഷം രൂപയും 60 ഏക്കർ സ്ഥലവും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്തേയ്ക്കുള്ള റോഡ് നിർമ്മാണം കിറ്റ്കോയുടെ ചുമതലയിലാണ് നടക്കുന്നത്. കിറ്റ്കോയ്ക്ക് 19,95,000 രൂപ നൽകി. പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് കിറ്റ്കോ തയ്യാറാക്കിയ 288 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. അതിനുവേണ്ടി നബാർഡ് 68 കോടി 45 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ ഒന്നാംഗഡു കിറ്റ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കാൻ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി നിർദ്ദേശിച്ച വേഗതയിൽ പോയിട്ടില്ല. മറ്റെല്ലാ നടപടികളും പൂർത്തിയായി. ഏറ്റവും വേഗത്തിൽ ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ പരിശ്രമിക്കുമെന്ന് ഉറപ്പുപറയുന്നു.

മി.സ്പീക്കർ: ചെയർ ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 24 സബ്മിഷനുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പലർക്കും സബ്മിഷൻ അവതരിപ്പിക്കാൻ അവസരം കിട്ടാത്തതുകൊണ്ടും അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ടുമാണ് ഇത്രയും സബ്മിഷൻ ഇന്ന് അനുവദിച്ചിട്ടുള്ളത്. ഇന്ന് സപ്ലിമെന്ററി ഡിമാന്റ്സും രണ്ട് ബില്ലുകളുമുണ്ട്. അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ട് പല അംഗങ്ങൾക്കും ഇന്നുതന്നെ മടങ്ങിപ്പോകേണ്ടതുണ്ട്. സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ ഒരു മിനിട്ട് കൊണ്ട് ചോദിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി ചുരുക്കിപ്പറയുകയും വേണം.

4. കാരുണ്യ ചികിത്സാ സഹായ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നിർദ്ധനരായ രോഗികൾക്കായി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് സ്കീം. ചില മാധ്യമങ്ങളിൽ വരുന്ന വാർത്ത സാധാരണ ജനങ്ങളെ സംബന്ധിച്ച് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നതാണ്. ഏകദേശം 115000 രോഗികൾക്ക് 850 കോടി രൂപയോളം കാരുണ്യ ബെനവലന്റ് സ്കീം മുഖേന നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രചരിപ്പിക്കുന്നത്, ഹൈദ്രാബാദ് കേന്ദ്രീകരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly